16/05/2026

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer’s Welfare Department**

GOVERNMENT OF KERALA


**Chief Editor:** SINDHU. K S **Editor:** Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/05/2026

1. ലോകബാങ്കിന്റെ സഹായത്തോടെ കൃഷി വകുപ്പ് നടപ്പാക്കുന്ന **കേര പദ്ധതിയിലൂടെ** പുനർനടീൽ നടത്തുന്ന റബർ കർഷകർക്ക് ഹെക്ടറിന് 75,000 രൂപ നിരക്കിൽ സർക്കാരിന്റെ നേരിട്ടുള്ള ധനസഹായം ലഭ്യമാക്കുന്ന സ്കീമിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. സംസ്ഥാനത്ത് 30,000 ഹെക്ടറിലെ പുനർനടീലിലൂടെ 50,000 ത്തോളം റബർ കർഷകർക്ക് സഹായം ലഭ്യമാക്കും. 25 സെന്റ് മുതൽ 5 ഹെക്ടർവരെ റബർ കൃഷിയുള്ള ചെറുകർഷകർക്ക് പ്രത്യേക പ്രാധാന്യം നൽകുന്നതാണ് പദ്ധതി. ആദ്യ വർഷം 55,000 രൂപയും രണ്ടാം വർഷം 20,000 രൂപയും ഓരോ കർഷകനും പരമാവധി 2 ഹെക്ടർ വരെയുള്ള റബർ പുനർനടീലിന് ധനസഹായം ലഭിക്കും. ഉത്പാദനക്ഷമത കുറഞ്ഞ പഴയ റബർ മരങ്ങൾ മുറിച്ചു മാറ്റി, ഉത്പാദനക്ഷമതയുള്ളവ വച്ചുപിടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതാണ് പദ്ധതി. ഗുണമേന്മയുള്ള തൈകൾ കുറഞ്ഞ ചെലവിൽ കർഷകർക്ക് ലഭ്യമാക്കുന്നതിന് ഓരോ നഴ്സറിക്കും പരമാവധി 6 ലക്ഷം രൂപ വരെ സബ്സിഡി അനുവദിക്കും. അപേക്ഷകർ തിരിച്ചറിയൽ രേഖ, ഫോട്ടോ,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ബാങ്ക് പാസ് ബുക്ക്, കൈവശാവകാശ സർട്ടിഫിക്കറ്റ്, കൃഷിയിടത്തിന്റെ സ്കെച്ച്, അംഗീകൃത നഴ്സറിയിൽ നിന്ന് നടീൽ വസ്തുക്കൾ വാങ്ങിയതിന്റെ ബിൽ തുടങ്ങിയ രേഖകൾ ഓൺ ലൈനായി സമർപ്പിക്കണം. അപേക്ഷ നൽകേണ്ട ഓൺലൈൻ പോർട്ടൽ- www.keraplantation.kerala.gov.in. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ തിരുവനന്തപുരം (6238450476), 9037824036 (കോട്ടയം), 9037824049 തൃശ്ശൂർ, 9037824047 (കണ്ണൂർ) എന്നീ നമ്പരുകളിലോ ബന്ധപ്പെടുക.

2. സർക്കാർ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് (കെപ്കോ) കീഴിൽ പ്രവർത്തിക്കുന്ന മുട്ടക്കോഴി വളർത്തൽ കേന്ദ്രങ്ങളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഗുണമേന്മയുള്ളതും വർഷത്തിൽ 300 മുട്ടകൾ വരെയിടുന്നതുമായ ഒരു ദിവസം പ്രായമായ ബി.വി-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴി കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ രാവിലെ 10.00 മണി മുതൽ വൈകുന്നേരം 5.00 മണിവരെ 9495000915, 9495000923, 9495000934 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff



3. കേരള വെറ്ററിനറി സർവ്വകലാശാലയിലെ 4 സ്ഥാപനങ്ങളിലേക്ക് 2026-27 ലെ ഓഡിറ്റിംഗ്, ജി.എസ്.ടി, ഐ.ടി. ഫയലിംഗ്, ബാലൻസ് ഷീറ്റ് തയ്യാറാക്കൽ എന്നിവ ചെയ്യുന്നതിന് സി.&എ.ജി. എംപാനൽ ചെയ്ത ലിസ്റ്റിൽ നിന്നുള്ള ചാർട്ടേർഡ് അക്കൗണ്ടിംഗ് സ്ഥാപനങ്ങളിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുന്നു. താത്പര്യപത്രങ്ങൾ ഈ ഓഫീസിൽ 25.05.2026 രാവിലെ 11.00 മണിക്ക് മുൻപായി ലഭിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് സർവ്വകലാശാല വെബ് സൈറ്റ് സന്ദർശിക്കുക: www.kvasu.ac.in.

4. കേരള കാർഷിക സർവകലാശാലയുടെ വിവിധ ക്യാമ്പസുകളിൽ ആർ.എഫ് മോഡിൽ നടത്തുന്ന എം.എസ്.സി ക്ലൈമറ്റ് സയൻസ്, എം.എസ്.സി എൻവയോൺമെന്റൽ സയൻസ്, എം.എസ്.സി ഓഷ്യൻ & അറ്റ്മോസ്ഫറിക് സയൻസ്, എം.എസ്.സി വൈൽഡ് ലൈഫ് മാനേജ്മെന്റ് എന്നീ മാസ്റ്റേഴ്സ് പ്രോഗ്രാമുകളിലേക്ക് 2026-27 അധ്യയന വർഷത്തിലേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. യോഗ്യത, പ്രവേശന രീതി, ഫീസ് തുടങ്ങിയ വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന സർവകലാശാല

വെബ് പോർട്ടൽ സന്ദർശിക്കുക. അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി ജൂൺ 12. വിശദ വിവരങ്ങൾക്ക് 0487-243-8139 എന്ന നമ്പരിൽ ഓഫീസ് സമയത്ത് ബന്ധപ്പെടാവുന്നതാണ്.

5. തിരുവനന്തപുരം കുടപ്പനക്കുന്ന് റീജിയണൽ പൗൾട്രി ഫാമിൽ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട ഒരു ദിവസം പ്രായമുള്ള മുട്ടക്കോഴി കുഞ്ഞുങ്ങളും കൊത്തു മുട്ടകളും വിൽപ്പനക്ക് ലഭ്യമാണ്. പിടക്കോഴി കുഞ്ഞ് ഒന്നിന് വില 25 രൂപ, പൂവൻ കോഴിക്കുഞ്ഞ് ഒന്നിന് വില 5 രൂപ, കൊത്തുമുട്ട വില ഒന്നിന് 25 രൂപ. കൂടുതൽ വിവരങ്ങൾക്ക് 0471 2730804 എന്ന നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക

## കാർഷിക നിർദേശം

വാഴകളിൽ കാണപ്പെടുന്ന ഇലപ്പുള്ളി രോഗം ബാധിച്ച ഇലകൾ നീക്കം ചെയ്ത ശേഷം, രോഗം നിയന്ത്രിക്കാനായി ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം തളിക്കാവുന്നതാണ്. തളിക്കുമ്പോൾ ഇലയുടെ രണ്ട് വശത്തും വീഴുന്നുണ്ട് എന്ന് ഉറപ്പാക്കണം. സ്യൂഡോമോണാസ് ബാക്ടീരിയ പൊടി 10 മുതൽ 20 ഗ്രാം വരെ ഒരു ലിറ്റർ വെള്ളത്തിൽ

ff



കലക്കി തളിയ്ക്കുന്നതും ഈ രോഗം വരാതിരിക്കാനും നിയന്ത്രിക്കാനും നല്ലതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം